**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2900** **12-07-2022 - ൽ മറുപടിയ്ക്ക്**

**കഴക്കൂട്ടം-മുട്ടത്തറ സീവറേജ് പ്രോജക്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കഴക്കൂട്ടം-മുട്ടത്തറ സീവറേജ് പ്രോജക്റ്റ് പുരോഗതി വിശദമാക്കാമോ; ഈ പ്രോജക്റ്റ് എന്ന് പൂർത്തീകരിക്കുവാൻ കഴിയും; ഈ പദ്ധതിയിലുൾപ്പെട്ട അരശുംമൂട്-കുഴിവിള സ്ട്രെച്ച് എപ്പോൾ പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്; | (എ) | തിരുവനന്തപുരം നഗരസഭയുടെ അമൃത് **1.0** പദ്ധതിയിൽ ഉൾപ്പെടുത്തി നടത്തുന്ന പദ്ധതിയാണ് കഴക്കൂട്ടം മുതൽ മുട്ടത്തറ വരെയുള്ള സീവറേജ് പദ്ധതി. കഴക്കൂട്ടം ടെക്നോപാർക്ക് മുതൽ തുടങ്ങുന്ന ടി പദ്ധതി പല പാക്കേജുകളായിട്ടാണ് നടപ്പാക്കുന്നത്. അവ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. പ്രോജക്ടിന്റെ നിലവിലെ സ്ഥിതി അനുബന്ധമായി ചേർക്കുന്നു.2022 ഡിസംബർ മാസത്തോടെ ഈ പ്രോജക്റ്റ് പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>അരശുംമൂട് -കുഴിവിള സീവറേജ് വർക്ക് 26% പൂർത്തിയായിരുന്നു. എന്നാൽ, പ്രതീക്ഷിച്ച പുരോഗതി കൈവരിക്കാത്തതിനാൽ കരാർ കമ്പനി ആയ വർദ്ധമാൻ എഞ്ചിനീയറിംഗ് വർക്സ്-നെ ഒഴിവാക്കി കരാർ കമ്പനിയുടെ നഷ്ടോത്തരവാദിത്വത്തിൽ ബാക്കി പ്രവൃത്തികൾ ചെയ്യാൻ ദർഘാസുകൾ ക്ഷണിച്ചു. കരാറുകാർ പങ്കെടുക്കാത്തതിനാൽ ടി പ്രവൃത്തിയെ നാലായി വിഭജിച്ച് വീണ്ടും ദർഘാസുകൾ ക്ഷണിക്കുകയും, കരാറുകൾ ലഭ്യമാകുകയും ചെയ്തു. അവയിൽ ഒന്നാമത്തെ ഭാഗം 13% വും, രണ്ടാമത്തെ ഭാഗം 3% വും, മൂന്നാമത്തെ ഭാഗം 17% വും, നാലാമത്തെ ഭാഗം 13% വും പൂർത്തിയായി. മുഴുവൻ ഭാഗവും 2022 ഒക്ടോബർ മാസത്തോടു കൂടി പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | അമൃത് II പദ്ധതിയിൽ തിരുവനന്തപുരം നഗരസഭയുടെ എത്ര വാർഡുകളാണ് തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത്; | (ബി) | അമൃത് **2.0** പദ്ധതിയിൽ തിരുവനന്തപുരം നഗരസഭയുടെ കീഴിൽ സീവറേജ് പദ്ധതികൾ നടപ്പാക്കുന്നതിന് വേണ്ടി 15 വാർഡുകളും, കുടിവെള്ള പദ്ധതിയിൽ എല്ലാ ഭവനങ്ങളിലും പൈപ്പിലൂടെ ശുദ്ധജലം എത്തിക്കുന്നതിനായി 100 വാർഡുകളും തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. |
| | | | |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്തെ ജലാശയങ്ങളിൽ അടിഞ്ഞുകിടക്കുന്ന എക്കലും മണലും നീക്കം ചെയ്ത് ജലാശയങ്ങളുടെ സ്വാഭാവിക ആഴം നിലനിർത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ; | (സി) | സംസ്ഥാനത്തെ ജലാശയങ്ങളിൽ അടിഞ്ഞ് കിടക്കുന്ന എക്കലും മണലും നീക്കം ചെയ്ത് ജലാശയങ്ങളുടെ സ്വാഭാവിക ആഴം നിലനിറുത്തുന്നതിന് ജലസേചന വകുപ്പിന്റെ നേതൃത്വത്തിൽ നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>അതിശക്തമായ മഴയും മണ്ണിടിച്ചിലും വെള്ളപൊക്കവും മൂലം ചെളിയും മണലും എക്കലും മറ്റ് പാഴ് വസ്തുക്കളും നദികളിൽ അടിഞ്ഞ് കൂടുകയും തന്മൂലം നദികളുടെ സ്വാഭാവിക ഒഴുക്ക് തടസ്സപ്പെടുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത തടസ്സങ്ങൾ നീക്കം ചെയ്യുന്നതിന്റെ ഭാഗമായി ഓരോ നദിയുടെയും ചുമതല ജലസേചന വകുപ്പിന് കീഴിലുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നല്കുകയും അവരുടെ നേതൃത്വത്തിൽ ഇതു സംബന്ധിച്ച് പ്രാഥമിക വിവരം ശേഖരണം നടത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ, പ്രളയം കൂടുതലായി ബാധിച്ച നദികളായ അച്ചൻകോവിൽ, പമ്പ, മണിമല, മീനച്ചിൽ, മൂവാറ്റുപുഴ എന്നീ നദികളിൽ അടിഞ്ഞ് കൂടിയ എക്കൽ, മണൽ, ചെളി എന്നിവയുടെ അളവ് നിർണ്ണയിക്കാനുള്ള പഠനവും മറ്റ് വിവരശേഖരണവും ജലസേചന വകുപ്പിന് കീഴിലുള്ള കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് മുഖാന്തിരം നടത്തിയിട്ടുണ്ട്. പഠനത്തിന്റെയും സമാഹരിച്ച വിവരങ്ങളുടെയും അടിസ്ഥാനത്തിൽ നദികളുടെ സ്വാഭാവിക ഒഴുക്ക് വീണ്ടെടുക്കാനുള്ള നടപടികൾ ജലസേചന വകുപ്പ് സ്വീകരിച്ചു വരുന്നു. 44 നദികളിലായി 3,01,65,570.66 $M^3$ എക്കലും മണ്ണും നീക്കം ചെയ്യാൻ കണക്കാക്കിയതിൽ 30/06/2022 വരെ 92,66,862.82 $M^3$ നീക്കം ചെയ്തിട്ടുണ്ട്. 31 നദികളിലെ പ്രവൃത്തികൾ പൂർത്തീകരിച്ച് സ്വാഭാവിക ആഴം നിലനിർത്തിയിട്ടുണ്ട്. ബാക്കി നദികളിലെ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. |
| (ഡി) | 2016-21 കാലത്ത് ജലാശയങ്ങൾ വൃത്തിയാക്കുന്നതിന് വാങ്ങിയ സിൽറ്റ് പുഷർ ഏതൊക്കെ ജലാശയങ്ങൾ വൃത്തിയാക്കുവാൻ ഉപയോഗിച്ചുവെന്ന് വിശദമാക്കാമോ? | (ഡി) | 2016-21 കാലത്ത് സിൽറ്റ് പുഷർ വാങ്ങിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## കഴക്കൂട്ടം-മുട്ടത്തറ സീവറേജ് പദ്ധതിയുടെ നിലവിലെ സ്ഥിതി

| ക്രമ നം. | പ്രവൃത്തിയുടെ പേര് | നിലവിലെ സ്ഥിതി |
|---|---|---|
| 1. | ഇടത്തറയിൽ സീവറേജ് പമ്പ് ഹൗസ് നിർമ്മിക്കൽ പ്രവൃത്തികൾ | പുരോഗമിക്കുന്നു. **50%** പൂർത്തിയായി |
| 2. | ഇടത്തറ മുതൽ മുട്ടത്തറ വരെ സീവറേജ് പമ്പിംഗ് മെയിൻ സ്ഥാപിക്കൽ | പ്രവൃത്തികൾ പുരോഗമിക്കുന്നു.<br>69% പൂർത്തിയായി. കാരാളി പ്രദേശത്തെ ജനങ്ങളുടെ എതിർപ്പ് കാരണം പ്രവൃത്തികൾ തടസ്സപ്പെട്ടുകയും, ഷോർട്ട് ക്ലോസ് ചെയ്യുകയും ചെയ്തു. ബാക്കി പ്രവൃത്തികൾക്ക് പുതിയ ദർഘാസ് വിളിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| 3(a). | ഇടത്തറ (എൽ) ബ്ലോക്കിൽ സീവറേജ് നെറ്റ് വർക്കും ട്രാൻസ്മിഷൻ മെയിനും സ്ഥാപിക്കലിന്റെ ഭാഗമായി പുലയനാർ-ക്കോട്ട മുതൽ ഇടത്തറ പമ്പിംഗ് സ്റ്റേഷനിലെ മാൻഹോൾ 10 വരെ സ്വിവറേജ് ട്രങ്ക് മെയിൻ പൈപ്പ് ലൈൻ സ്ഥാപിക്കൽ (പാക്കേജ്-1) | പ്രവൃത്തികൾ പുരോഗമിക്കുന്നു.<br>**85%** പൂർത്തിയായി. |
| 3(b). | ഇടത്തറ (എൽ) ബ്ലോക്കിൽ സീവറേജ് നെറ്റ് വർക്കും ട്രാൻസ്മിഷൻ മെയിനും സ്ഥാപിക്കലിന്റെ ഭാഗമായി പേട്ട-വെൺപാലവട്ടം റോഡിലൂടെയും, ഗ്രീൻപാർക്ക് റോഡിലൂടെയും ആമയിഴഞ്ചാൻ തോടിന് വശത്തു കൂടി ഇടത്തറ മേഖലയിലെ മാൻഹോൾ 7 വരെ സീവറേജ് പൈപ്പ് ലൈൻ സ്ഥാപിക്കൽ (പാക്കേജ്-2) | കരാർ നല്കിയിട്ടുണ്ട്. |
| 3(c). | ഇടത്തറ (എൽ) ബ്ലോക്കിൽ സീവറേജ് നെറ്റ് വർക്കും ട്രാൻസ്മിഷൻ മെയിനും സ്ഥാപിക്കലിന്റെ ഭാഗമായി ഉദയഗാർ-ഡനിലെ സ്റ്റില്ലിംഗ് ചേമ്പർ മുതൽ മാൻഹോൾ 89 വരെ സീവറേജ് ട്രങ്ക് മെയിൻ പൈപ്പ് ലൈൻ സ്ഥാപിക്കൽ (പാക്കേജ്-3) | പ്രവൃത്തി പൂർത്തിയായി |

| | | |
|---|---|---|
| 3(d). | ഇടത്തറ (എൽ) ബ്ലോക്കിൽ സ്വീവറേജ് നെറ്റ് വർക്കും ട്രാൻസ്മിഷൻ മെയിനും സ്ഥാപിക്കലിന്റെ ഭാഗമായി പേട്ട അരശുംമൂട് ജംഗ്ഷൻ മുതൽ ഇടത്തറ പമ്പിംഗ് സ്റ്റേഷനിലെ മാൻഹോൾ 7 വരെ സ്വീവറേജ് പൈപ്പ് ലൈൻ സ്ഥാപിക്കൽ (പാക്കേജ് –4) | പ്രവൃത്തികൾ പുരോഗമിക്കുന്നു. **53%** പൂർത്തിയായി. |
| 3(e). | ഇടത്തറ (എൽ) ബ്ലോക്കിൽ സ്വീവറേജ് നെറ്റ് വർക്കും ട്രാൻസ്മിഷൻ മെയിനും സ്ഥാപിക്കലിന്റെ ഭാഗമായി മാൻഹോൾ 110 മുതൽ മാൻഹോൾ 150 വരെ സ്വീവറേജ് പൈപ്പ് ലൈൻ സ്ഥാപിക്കൽ (പാക്കേജ്–5) | പ്രവൃത്തികൾ പുരോഗമിക്കുന്നു. **51%** പൂർത്തിയായി. |
| 3(f). | ഇടത്തറ (എൽ) ബ്ലോക്കിൽ സ്വീവറേജ് നെറ്റ് വർക്കും ട്രാൻസ്മിഷൻ മെയിനും സ്ഥാപിക്കലിന്റെ ഭാഗമായി മാൻഹോൾ 10 മുതൽ കിംസ് ആശുപത്രി വരെ എച്ച്.ഡി.ഡി രീതിയിൽ സ്വീവറേജ് പൈപ്പ് ലൈൻ സ്ഥാപിക്കൽ (പാക്കേജ്–6) | പ്രവൃത്തികൾ പുരോഗമിക്കുന്നു. **90%** പൂർത്തിയായി. |
| 4. | ഇടത്തറ പമ്പിംഗ് സ്റ്റേഷനിൽ പമ്പ് സെറ്റുകൾ, ട്രാൻസ്ഫോർമറുകൾ തുടങ്ങിയവ സ്ഥാപിക്കൽ | പമ്പ് സെറ്റുകൾ എത്തിച്ചു. ഇടത്തറ പമ്പ് ഹൗസിന്റെ നിർമ്മാണപ്രവൃത്തികൾ പൂർത്തിയാകുന്ന മുറയ്ക്ക് ടി പ്രവൃത്തി പൂർത്തീകരിക്കാനാകും. |
| 5. | ആക്കളത്ത് സ്വീവറേജ് പമ്പിംഗ് സ്റ്റേഷന്റെ നിർമ്മാണം (ബ്ലോക്ക്–കെ) | പ്രവൃത്തികൾ പുരോഗമിക്കുന്നു. **87%** പൂർത്തിയായി. |
| 6. | ആക്കുളം പമ്പിംഗ് സ്റ്റേഷൻ മുതൽ പുലയനാർകോട്ട സ്റ്റില്ലിംഗ് ചേമ്പർ വരെ 450 മി.മീ വ്യാസമുള്ള പമ്പിംഗ് മെയിൻ സ്ഥാപിക്കൽ | പൂർത്തിയായി. |
| 7. | കുഴിവിള മുതൽ ആക്കുളം വരെ സ്വീവറേജ് ട്രാൻസ്മിഷൻ മെയിൻ സ്ഥാപിക്കൽ (ബ്ലോക്ക് – കെ)– ബൈപ്പാസ് ജങ്ഷനിലെ സ്റ്റില്ലിംഗ് ചേമ്പർ മുതൽ ആക്കുളം പമ്പിംഗ് സ്റ്റേഷൻ വരെ സ്വീവറേജ് ട്രാൻസ്മിഷൻ മെയിൻ സ്ഥാപിക്കൽ | പ്രവൃത്തികൾ പുരോഗമിക്കുന്നു. **90%** പൂർത്തിയായി. |
| 8. | ആക്കുളം പമ്പിംഗ് സ്റ്റേഷനിൽ പമ്പ്സെറ്റുകൾ, ട്രാൻസ്ഫോർമറുകൾ തുടങ്ങിയവ സ്ഥാപിക്കൽ | പമ്പ്സെറ്റുകൾ എത്തിച്ചു. ആക്കുളം പമ്പ്ഹൗസിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാകുന്ന മുറയ്ക്ക് ടി പ്രവൃത്തി പൂർത്തീകരിക്കാനാകും. |

| | | |
|---|---|---|
| 9. | കരിമണലിൽ സീവറേജ് പമ്പിംഗ് സ്റ്റേഷൻ നിർമ്മിക്കൽ (ബ്ലോക്ക് – ജെ) | പ്രവൃത്തികൾ പുരോഗമിക്കുന്നു. **93%** പൂർത്തിയായി. |
| 10 | കരിമണൽ മുതൽ കുഴിവിള വരെ 350 മി.മീ. വ്യാസമുള്ള പമ്പിംഗ് മെയിൻ സ്ഥാപിക്കൽ | പൂർത്തിയായി. |
| 11 (a) | കരിമണൽ (ബ്ലോക്ക്-ജെ) യിൽ സീവറേജ് നെറ്റ് വർക്കും ട്രാൻസ്മിഷൻ മെയിനും സ്ഥാപിക്കലിന്റെ ഭാഗമായി അരശുംമൂട് മുതൽ കരിമണൽ പമ്പിംഗ് സ്റ്റേഷൻ വരെ ട്രങ്ക് മെയിൻ പൈപ്പ് ലൈൻ സ്ഥാപിക്കൽ | പ്രവൃത്തികൾ 26% പൂർത്തിയായെങ്കിലും പുരോഗതി വളരെ കുറവായതിനാൽ നിലവിലെ കരാർ കമ്പനിയെ ഒഴിവാക്കി കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ ചെയ്യുവാനായി പല തവണ ദർഘാസുകൾ ക്ഷണിച്ചുവെങ്കിലും കരാറുകാർ ദർഘാസിൽ പങ്കെടുക്കാത്തതിനാൽ ടി പ്രവൃത്തിയെ നാലായി വിഭജിച്ച് നടപ്പിലാക്കി വരുന്നു. അതിൽ ഒന്നാമത്തെ ഭാഗം 13%, രണ്ടാമത്തെ ഭാഗം 3%, മൂന്നാമത്തെ ഭാഗം 17%, നാലാമത്തെ ഭാഗം 13% എന്നിങ്ങനെ പൂർത്തിയായിട്ടുണ്ട്. |
| 11 (b) | കരിമണൽ (ബ്ലോക്ക്-ജെ) യിൽ സീവറേജ് നെറ്റ് വർക്കും ട്രാൻസ്മിഷൻ മെയിനും സ്ഥാപിക്കലിന്റെ ഭാഗമായി ബൈപ്പാസ് ജങ്ഷൻ (കുഴിവിള) മുതൽ അരശുംമൂട്-കരിമണൽ പമ്പിംഗ് സ്റ്റേഷനിലേയ്ക്കുള്ള ട്രങ്ക് മെയിനിലെ മാൻഹോൾ 3 വരെ സീവറേജ് നെറ്റ് വർക്ക് സ്ഥാപിക്കൽ | പ്രവൃത്തികൾ പുരോഗമിക്കുന്നു. 17% പൂർത്തിയായി. |
| 11 (c) | കരിമണൽ (ബ്ലോക്ക്-ജെ) യിൽ സീവറേജ് നെറ്റ് വർക്കും ട്രാൻസ്മിഷൻ മെയിനും സ്ഥാപിക്കലിന്റെ ഭാഗമായി അരശുംമൂട് മുതലുള്ള റോഡിന്റെ ഇരുവശത്തുമുള്ള സീവറേജ് നെറ്റ് വർക്ക് മാൻഹോളുമായി കൂട്ടിയോജിപ്പിക്കൽ | 29% പ്രവൃത്തികൾ പൂർത്തിയായി. പാക്കേജ് 11 (എ) യിലെ പ്രവൃത്തി പൂർത്തിയാകുന്ന മുറയ്ക്കേ ഈ പ്രവൃത്തിയും പൂർത്തീകരിക്കു. |
| 12 (a) | കഴക്കൂട്ടം ഏരിയ മുതൽ ഐ ബ്ലോക്കിലെ പമ്പിംഗ് സ്റ്റേഷൻ വരെ തെറ്റിയാറിന്റെ കരയിലൂടെ സീവറേജ് ട്രങ്ക് മെയിൻ സ്ഥാപിക്കലിന്റെ ഭാഗമായി കുളത്തൂരിലെ പമ്പിംഗ് സ്റ്റേഷൻ മുതൽ അരശുംമൂട് സ്റ്റില്ലിംഗ് ചേമ്പർ വരെ 350 മി.മീ. പമ്പിംഗ് മെയിൻ സ്ഥാപിക്കൽ | പൂർത്തിയായി. |
| 12 (b) | കഴക്കൂട്ടം ഏരിയ മുതൽ ഐ ബ്ലോക്കിലെ പമ്പിംഗ് സ്റ്റേഷൻ വരെ സീവറേജ് ട്രങ്ക് | പ്രവൃത്തികൾ പുരോഗമിക്കുന്നു. 46% പൂർത്തിയായി. 2022 ജൂലൈ മാസത്തോടെ |

| | | |
|---|---|---|
| | മെയിൻ സ്ഥാപിക്കലിന്റെ ഭാഗമായി കുളത്തൂരിൽ പമ്പിംഗ് സ്റ്റേഷന്റെ നിർമ്മാണം | പ്രവൃത്തി പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| 12 (c) | കഴക്കൂട്ടം ഏരിയ മുതൽ ഐ ബ്ലോക്കിലെ പമ്പിംഗ് സ്റ്റേഷൻ വരെ സീവറേജ് ട്രങ്ക് മെയിൻ സ്ഥാപിക്കലിന്റെ ഭാഗമായി കുളത്തൂരിലെ പമ്പിംഗ് സ്റ്റേഷനിലേയ്ക്ക് സീവറേജ് ട്രാൻസ്മിഷൻ മെയിൻ സ്ഥാപിക്കൽ | പ്രവൃത്തികൾ പുരോഗമിക്കുന്നു. **46%** പൂർത്തിയായി. |
| 12 (d) | കഴക്കൂട്ടം ഏരിയ മുതൽ ഐ ബ്ലോക്കിലെ പമ്പിംഗ് സ്റ്റേഷൻ വരെ സീവറേജ് ട്രങ്ക് മെയിൻ സ്ഥാപിക്കലിന്റെ ഭാഗമായി കുളത്തൂരിലെ പമ്പിംഗ് സ്റ്റേഷനിൽ പമ്പ്സെറ്റ്, ട്രാൻസ്ഫോർമർ, ഇലക്ട്രിക്കൽ ഉപകരണങ്ങൾ എന്നിവ സ്ഥാപിക്കൽ | പ്രവൃത്തികൾ പുരോഗമിക്കുന്നു. **46%** പൂർത്തിയായി. |
| 13. | കരിമണൽ പമ്പിംഗ് സ്റ്റേഷനിൽ പമ്പ്സെറ്റുകൾ, ട്രാൻസ്ഫോർമറുകൾ തുടങ്ങിയവ സ്ഥാപിക്കൽ | പ്രവൃത്തികൾ പുരോഗമിക്കുന്നു. **45%** പൂർത്തിയായി. |